കോഴിക്കോട് ജില്ലയിലെ ഇറിഗേഷൻ ആഫീസുകൾ

140 (2592) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഇറിഗേഷൻ ചീഫ് എൻജിനീയറുടെ കീഴിൽ ഏതെല്ലാം ഇറിഗേഷൻ ആഫീസുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട് ;

(ബി) കൊയിലാണ്ടി താലൂക്കിൽ എ.ഇ.ഇ. യുടെ കീഴിൽ സബ്ഡിവിഷൻ ആഫീസ് പ്രവർത്തിക്കുന്നത് എവിടെയാണ് ;

(സി) സെക്ഷൻ ആഫീസിൽ എത്ര ജീവനക്കാരുണ്ട് ;

(ഡി) കൊയിലാണ്ടി ആസ്ഥാനമായി പ്രവർത്തിക്കേണ്ട ആഫീസ് കോഴിക്കോട് ടൗണിൽ പ്രവർത്തിക്കാൻ കാരണം വ്യക്തമാക്കുമോ ;

(ഇ) കൊയിലാണ്ടി ടൗണിൽ പ്രവർത്തിച്ചിരുന്ന ഇറിഗേഷൻ ആഫീസ് അവിടെ തന്നെ തുടങ്ങാൻ അടിയന്തിര നടപടിയെടുക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ഇറിഗേഷൻ ചീഫ് എൻജിനീയറുടെ കീഴിൽ താഴെപറയുന്ന ആഫീസുകൾ പ്രവർത്തിക്കുന്നു.

1. ഇറിഗേഷൻ ഉത്തരമേഖലാ സൂപ്രണ്ടിംഗ് എൻജിനീയറുടെ ആഫീസ്.
2. ചെറുകിട ജലസേചനവിഭാഗം സൂപ്രണ്ടിംഗ് എൻജിനീയറുടെ ആഫീസ്.
3. ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട്.
4. ഇറിഗേഷൻ കനാൽ സെക്ഷൻ, കോഴിക്കോട്.
5. ഇറിഗേഷൻ നോർത്ത് സബ് ഡിവിഷൻ, കോഴിക്കോട്.
6. ഇറിഗേഷൻ സെക്ഷൻ, കൊയിലാണ്ടി.
7. ഇറിഗേഷൻ സെക്ഷൻ, പയ്യോളി.
8. ഇറിഗേഷൻ സൗത്ത് സബ് ഡിവിഷൻ, കോഴിക്കോട്.
9. ഇറിഗേഷൻ സെക്ഷൻ, കോഴിക്കോട്.
10. ഇറിഗേഷൻ സെക്ഷൻ, ബേപ്പൂർ.
11. ഇറിഗേഷൻ സെക്ഷൻ, അക്കിനാർ.
12. ഇറിഗേഷൻ സബ് ഡിവിഷനും 3 സെക്ഷൻ ആഫീസുകളും, വടകര
13. മൈനർ ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട്.
14. മൈനർ ഇറിഗേഷൻ സബ് ഡിവിഷനും ഒരു സെക്ഷൻ ആഫീസും, കൊയിലാണ്ടി.
15. മൈനർ ഇറിഗേഷൻ സെക്ഷൻ, വടകര.
16. മൈനർ ഇറിഗേഷൻ സബ് ഡിവിഷനും 3 സെക്ഷൻ ആഫീസുകളും, കോഴിക്കോട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോഴിക്കോട്.

(സി) ഇറിഗേഷൻ സെക്ഷൻ ആഫീസിൽ 5 ജീവനക്കാരും മൈനർ ഇറിഗേഷൻ ആഫീസിൽ 6 ജീവനക്കാരുമുണ്ട്.

(ഡി) കൊയിലാണ്ടി സബ്ഡിവിഷൻ ആഫീസിന്റെ പ്രവർത്തന മേഖലയിലെല്ലാം എത്തിച്ചേരുന്നതിന് സൗകര്യപ്രദമായ സ്ഥലം കോഴിക്കോട് ആയതിനാലാണ് ഈ ആഫീസ് കോഴിക്കോട് പ്രവർത്തിച്ചു വരുന്നത്. കൂടാതെ കോഴിക്കോടുള്ള കനോലി കനാലിന്റെ നവീകരണജോലികൾ ഏറ്റെടുത്ത് നടത്തുന്നത് ഈ സബ്ഡിവിഷൻ മുഖാന്തിരമാണ്.

(ഇ) കൊയിലാണ്ടി താലൂക്കിൽ പ്രവർത്തിച്ചിരുന്ന ആഫീസുകൾ ഇപ്പോഴും അവിടെത്തന്നെയാണ് പ്രവർത്തിക്കുന്നത്.

പമ്പ ഇറിഗേഷൻ പ്രോജക്ടിലെ സി.എൽ.ആർ. വിഭാഗം തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ

141 (2597) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ ഇറിഗേഷൻ പ്രോജക്ടിൽ ചെങ്ങന്നൂർ ഡിവിഷനിൽ 500 മുതൽ 2000 വരെ ദിവസങ്ങളിൽ ജോലി ചെയ്ത സി.എൽ.ആർ. വിഭാഗം തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷയിൻമേലുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ മറ്റു പദ്ധതികളിൽ സി.എൽ.ആർ.കാരെ സ്ഥിര പ്പെടുത്തിയ സാഹചര്യത്തിൽ ഈ പ്രോജക്ടിലെയും അർഹരായവരെ സ്ഥിര പ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കൂടുതലും അൻപതു വയസ്സിനു മുകളിൽ പ്രായമുള്ളവരും യാതൊരു തൊഴിൽ പരിരക്ഷയും ലഭിക്കാത്തവരുമായ ഈ വിഭാഗം തൊഴിലാളികൾക്ക് അനുഭാവ പൂർണ്ണമായ പരിഗണന നൽകുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ-സി) 19-5-1983 വരെ സി.എൽ.ആർ. ആയി ജലസേചന വകുപ്പിനു കീഴിൽ ജോലി നോക്കിയിട്ടുള്ള എല്ലാ തൊഴിലാളികളേയും സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 19-5-83-ന് ശേഷം ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള താല്ക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശുദ്ധജല വിതരണ പദ്ധതി

142 (2599) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി മണ്ഡലത്തിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലുള്ള മൊകായി ശുദ്ധജല വിതരണ പദ്ധതി എന്നാണ് പൂർത്തിയായത് ;

LIBRARY ARCHIVES Kerala Legislative Assembly